പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1339 15/06/2012-ൽ മറുപടിക്ക്

ജനന സർട്ടിഫിക്കറ്റ് തിരുത്തി നൽകുന്നതിൽ കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്: | | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ജനന സർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തിനൽകുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ അപേക്ഷ നൽകുന്നവർ നിരവധി പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെ പേര് ചേർത്തതിൽ വന്ന പിശക് തിരുത്തണമെന്നാവശ്യപ്പെട്ട് 19/10/2011-ൽ രസീത് നമ്പർ 140037 പ്രകാരം തിരുവനന്തപുരം ജനന മരണ രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട തീരുമാനമെന്താണ്; എന്നാണ് തീരുമാനമെടുത്തത്; വ്യക്തമാക്കുമോ; | (ബി) | 19/10/2011-ൽ രസീത് നമ്പർ 140037-ാം അപേക്ഷ പ്രകാരം ജനന രജിസ്റ്ററിൽ തിരുത്തൽ വരുത്തി 25/05/2012-ൽ ജനന സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം കോർപ്പറേഷനിലെ ജനന-മരണ രജിസ്ട്രാറിൽ നിന്ന് എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; | (സി) | ആവശ്യപ്പെട്ടിരുന്നു. |
| (ഡി) | എങ്കിൽ അതനുസരിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വ്യക്തമായ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. |

സെക്ഷൻ ആഫീസർ

# തിരുവനന്തപുരം നഗരസഭ

H1/2634/12

തീയതി : 10-01-2012

ചീഫ് രജിസ്ട്രാർ,
ജനന മരണ രജിസ്ട്രേഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- തിരുവനന്തപുരം നഗരസഭ - ജനന മരണ രജിസ്ട്രേഷൻ - ജനന രജിസ്റ്ററിൽ മാതാവിന്റെ പേര് തിരുത്തുന്നത് - റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- 1) ഈ നഗരസഭയിലെ 33675/08-ാം നമ്പർ ജനന രജിസ്ട്രേഷൻ.
2) ജനന രജിസ്ട്രേഷനിലെ തിരുത്തലിനായി 15-6-2011-ൽ 77845/11-ാം നമ്പരായി നൽകിയ അപേക്ഷ.
3) 19-10-11-ൽ തിരുത്തലിനായി നൽകിയ 140039/11-ാം നമ്പർ അപേക്ഷ.

19/12/2008 തിരുവനന്തപുരം ഡോ:ഗോവിന്ദൻസ് ആശുപത്രിയിൽ വച്ച് സാറാബായി - മുഹമ്മദ് അറഫത്ത് സേട്ട് ദമ്പതികൾക്ക് രണ്ടാമത്തെ പ്രസവത്തിൽ ജനിച്ച പെൺകുട്ടിയുടെ ജനനം സൂചന (1) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും, ആയതിൽ മാതാവിന്റെ പേര് SARABAI രേഖപ്പെടുത്തിയിരുന്നത് SONIA.V. എന്ന് ചേർത്ത് നൽകുന്നതിനായി സൂചന(3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപേക്ഷയോടൊപ്പം ഹാജരാക്കിയ സ്ക്കൂൾ സർട്ടിഫിക്കറ്റിൽ SONIA.V. എന്നും ഗസറ്റ് വിജ്ഞാപനത്തിൽ Sara എന്നും രേഖപ്പെടുത്തിയിരുന്നു. ആയത് നിലവിലുള്ള നിയമ പ്രകാരം സ്ക്കൂൾ രേഖയിലുള്ള പേരും അറിയപ്പെടുന്ന പേരും കൂടി ചേർത്ത് Sara alias Sonia.V. എന്ന് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

എന്നാൽ ടി പേരിലെ alias ഒഴിവാക്കി Sara എന്ന് മാത്രം ചേർക്കുന്നതിന് സൂചന (4) പ്രകാരം അപേക്ഷ നൽകുകയും ആയത് പരിശോധിക്കുകയും, ഒരിക്കൽ തിരുത്തിയ പേര് വീണ്ടും തിരുത്താൻ കഴിയില്ല

എന്നും SARABAI എന്ന പേര് സ്ക്കൂൾ രേഖ പ്രകാരം SONIA.V. എന്നും ഗസറ്റിൽ മാറ്റിയ പേരായ SARA alias ആയി ചേർത്തുമാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കി കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. സൂചന (2) സർക്കുലറിലെ 7.6 പ്രകാരം സ്ക്കൂൾ രേഖയിലേതുപോലെ തിരുത്തൽ വരുത്തുകയും 7.10 പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് alias ആയി ചേർക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ജനന മരണ രജിസ്ട്രാർ.

REGISTRAR OF BIRTHS & ... Corporation of Thiruvananthapuram

Section Officer

എ.എസ്.